**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 918** **07-12-2022 - ൽ മറുപടിയ്ക്ക്**

**വാമനപുരം മണ്ഡലത്തിലെ ഗോത്രസാരഥി പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | വാമനപുരം മണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകളിലാണ് ഗോത്രസാരഥി പദ്ധതി നടപ്പിലാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ; | (എ) | അനുബന്ധമായി ചേർത്തിരിക്കുന്നു |
| (ബി) | ഓരോ സ്കൂളുകളിലും എത്ര കുട്ടികൾക്ക് ഇതിന്റെ പ്രയോജനം ലഭിച്ച് വരുന്നുണ്ടെന്ന് അറിയിക്കാമോ; | (ബി) | അനുബന്ധമായി ചേർത്തിരിക്കുന്നു |
| (സി) | പദ്ധതിയുടെ ചുമതല ആർക്കാണ് നൽകിയിട്ടുള്ളതെന്ന് വിശദമാക്കാമോ; | (സി) | തദ്ദേശസ്വയംഭരണ വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതിയുടെ ചുമതല ബന്ധപ്പെട്ട സ്കൂൾ ഹെഡ്മാസ്റ്റർക്കാണ്.<br><br>പദ്ധതിക്കാവശ്യമായ വാഹനങ്ങൾ സർക്കാർ നിബന്ധനകൾ പാലിച്ച് ക്രമ പ്രകാരം ക്വട്ടേഷനുകൾ ക്ഷണിച്ച്, അംഗീകരിച്ച് തെരഞ്ഞെടുത്ത് അർഹതപ്പെട്ട വാഹനങ്ങൾക്ക്<br><br>സ്ഥാപന മേധാവി അനുമതി നൽകി വാഹന ഉടമയുമായി കരാറിലേർപ്പെടുന്നു. പദ്ധതിയ്ക്കായി തുക വകയിരുത്തിയിട്ടുള്ള തദ്ദേശസ്ഥാപനങ്ങൾ ക്ലെയിമുകൾ നിർവ്വഹണ ഉദ്യോഗസ്ഥനും തുക വകയിരുത്തിയിട്ടില്ലാത്ത സ്ഥലങ്ങളിൽ ക്ലെയിമുകൾ പട്ടികവർഗ്ഗ വികസന വകുപ്പിലെ ഉദ്യോഗസ്ഥനും സമർപ്പിക്കുന്നു. ഇവ ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥൻ/ ട്രൈബൽ ആഫീസർമാർ പരിശോധിച്ച് ശുപാർശ ചെയ്യുന്ന മുറയ്ക്ക് തുക അനുവദിച്ച് നൽകുകയാണ് ചെയ്യുന്നത്. |
| (ഡി) | പദ്ധതി നടപ്പിലാക്കുന്നതിന് എവിടെയെങ്കിലും തടസ്സങ്ങൾ നേരിടുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇവ പരിഹരിക്കാൻ നടപടികൾ സ്വീകരിക്കുമോ? | (ഡി) | ചില സ്ഥലങ്ങളിൽ നിലവിൽ പദ്ധതിയിൽ തടസ്സങ്ങൾ നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പദ്ധതി നടത്തിപ്പിന് പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ഫണ്ട് അപര്യാപ്തമായതിനാലും പദ്ധതി നടപ്പാക്കുന്നതിനുള്ള സ്കൂളുകൾ തെരഞ്ഞെടുക്കുന്നതും സ്കൂളുകളുടെ |

| | | | |
|---|---|---|---|
| | | | നടത്തിപ്പിലും പ്രധാന പങ്ക് വഹിക്കുന്നത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ആയതിനാലും പദ്ധതിക്കാവശ്യമായ പ്രോജക്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ടി.എസ്.പി.ഫണ്ട് ഉപയോഗിച്ച് തയ്യാറാക്കുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പ് അനുമതി നൽകിയിട്ടുണ്ട്. പദ്ധതി നടത്തിപ്പിനാവശ്യമായ തുക പല തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും പ്രോജക്ട് തയ്യാറാക്കി വകയിരുത്തേണ്ടതുണ്ട് പദ്ധതി നടത്തിപ്പ് സംബന്ധിച്ച് 15/10/22 ന് ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ തീരുമാന പ്രകാരം പദ്ധതിയിൽ ഉൾപ്പെടുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ലിസ്റ്റ് പ്രോജക്ട് ഓഫീസർ/ ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർ (ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാരും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ ടി.എസ്.പി. പ്രോജക്ടുകളുടെ നിർവ്വഹണ ഉദ്യോഗസ്ഥനും സംയുക്തമായി പരിശോധിച്ച് പദ്ധതി നടത്തിപ്പ് സംബന്ധിച്ച കൃത്യത കണക്കാക്കി പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആയതിൻ പ്രകാരം വിവരങ്ങൾ പ്രോജക്ട് ഓഫീസർ /ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർമാരിൽ നിന്നും ശേഖരിക്കുകയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തുക വകയിരുത്തിയതിന് ശേഷം ആവശ്യമെങ്കിൽ അധികതുക ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നും അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| ക്രമ നമ്പർ | സ്കൂളിന്റെ പേര് | വിദ്യാർത്ഥികളുടെ എണ്ണം |
|---|---|---|
| 1 | എസ്.എൻ.എൽ.പി.എസ് കാക്കണിക്കര | **7** |
| 2 | ജി.എച്ച്.എസ്.എസ് , ഭരതന്നൂർ | **27** |
| 3 | ടി.എൽ.പി.എസ് അടപ്പുപാറ | **6** |
| 4 | ജി.എൽ.പി.എസ് ഭരതന്നൂർ | **12** |
| 5 | ജി.ടി.എച്ച്.എസ് ഇടിഞ്ഞാർ | **60** |
| 6 | ജി.യു.പി.എസ് കരിമൺകോട് | **11** |
| 7 | എസ്.എൻ.യു.പി.എസ് കൊല്ലായിൽ | **6** |
| 8 | സെന്റ്.ജോർജ്ജ് എൽ.പി.എസ് പാലോട് | **16** |
| 9 | ജി.എൽ.പി.എസ് കരിമൺകോട് | **6** |
| 10 | ജി.യു.പി.എസ് ഞാറനീലികാണി | **84** |
| 11 | ജി.യു.പി.എസ് പെരിങ്ങമല | **59** |
| 12 | ജി.ടി.എച്ച്എസ്. താന്നിമൂട് | **11** |
| 13 | ജി.എച്ച്.എസ് ജവഹർ കോളനി | **36** |
| 14 | എൻ.എസ്.എസ്.എച്ച്.എസ് പാലോട് | **11** |
| 15 | ജിഎച്ച്.എസ് മടത്തറ കാണി | **33** |
| 16 | ജി.എൽ.പി.എസ് കൊല്ലയിൽ | **11** |
| 17 | ഇക്ബാൽ.എച്ച്.എസ്.എസ് പെരിങ്ങമല | **32** |
| 18 | ഡി.ബിഎൽ.പി.എസ് പച്ച | **3** |
| 19 | ജി.എൽ.പി.എസ് കുറുപുഴ | **10** |
| 20 | ജി.എൽ.പി.എസ് പച്ച | **4** |
| 21 | ജി.യു.പി.എസ് പാലുവള്ളി | **24** |
| 22 | പി.എൽ.പി.എസ് ഇലവട്ടം | **1** |
| 23 | എസ്.കെ. വി.എച്ച്.എസ്.എസ് നന്ദിയോട് | **69** |

സെക്ഷൻ ഓഫീസർ